# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5675 03.11.2016-ലെ മറുപടിയ്ക്ക്

## 1955-ലെ പൗരാവകാശ സംരക്ഷണ നിയമം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എൻ.എ.നെല്ലിക്കുന്ന്<br>" സി. മമ്മൂട്ടി<br>" പി. ഉബൈദുള്ള<br>" എൻ. ഷംസുദ്ദീൻ | ശ്രീ.എ.കെ ബാലൻ<br>(പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും, നിയമവും സാംസ്കാരികവും, പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) |
| (എ) 1955 ലെ പൗരാവകാശ സംരക്ഷണ നിയമ നടത്തിപ്പുമായി ബന്ധപ്പെട്ട് പട്ടികജാതി, പട്ടികവർഗ്ഗ വകുപ്പ് എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) 1955 ലെ പൗരാവകാശ സംരക്ഷണ നിയമ പ്രകാരം പട്ടികജാതിക്കാരുടെ പൗരാവകാശങ്ങൾ സംരക്ഷിക്കുന്നതിനും തൊട്ടുകൂടായ്മ അടക്കമുള്ള അനാചാരങ്ങൾക്കെതിരെ ബോധവൽക്കരണം നടത്തുന്നതിനും പൗരാവകാശ സംരക്ഷണ നിയമ പ്രകാരം അതിക്രമത്തിന് ഇരയാകുന്നവർക്ക് കേസിന്റെ കാഠിന്യം പരിഗണിച്ച് ആശ്വാസ ധനസഹായം അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുന്നുണ്ട്. ഇതോടൊപ്പം പ്രസ്തുത കേസുകളിൽ കോടതിയിൽ സാക്ഷിയായി എത്തുന്നവർക്ക് യാത്രപ്പടി നൽകുന്നുണ്ട്. മേൽ നിയമ പ്രകാരമുള്ള കേസുകൾ വേഗത്തിൽ വിചാരണ നടത്തുന്നതിനായി മലപ്പുറം ജില്ലയിലെ മഞ്ചേരി, വയനാട് ജില്ലയിലെ മാനന്തവാടി, കൊല്ലം ജില്ലയിലെ കൊട്ടാരക്കര എന്നി |

| | |
|---|---|
| | വിടങ്ങളിൽ പ്രത്യേക കോടതികൾ പ്രവർത്തിക്കുന്നുണ്ട്. <br> പ്രസ്തുത നിയമത്തെ സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിലേയ്ക്ക് പട്ടികജാതിക്കാർ പോലീസുദ്യോഗസ്ഥർ, ജനപ്രതിനിധികൾ എന്നിവർക്കായി എല്ലാ ജില്ലകളിലും ബോധവൽക്കരണ സെമിനാറുകൾ വർഷം തോറും സംഘടിപ്പിക്കുന്നുണ്ട്. <br> 1955 ലെ പൗരാവകാശ സംരക്ഷണ നിയമ നടത്തിപ്പുമായി ബന്ധപ്പെട്ട് പട്ടികവർഗ്ഗവികസന വകുപ്പിൽ പദ്ധതികളൊന്നും തന്നെ നടപ്പിലാക്കിയിട്ടില്ല |
| (ബി) ഇതിനായി കേന്ദ്രത്തിൽ നിന്ന് എത്രത്തോളം ധനസഹായം ലഭിക്കുന്നുണ്ടെന്ന് വിശദമാക്കുമോ; | (ബി) പ്രസ്തുത പദ്ധതിക്കായി പട്ടികജാതി വികസന വകുപ്പിന് എല്ലാ വർഷവും മൊത്തം ചെലവിന്റെ 50% തുക കേന്ദ്ര ധനസഹായമായി ലഭിക്കുന്നുണ്ട്. 2015-16 സാമ്പത്തിക വർഷം ഈ ആവശ്യത്തിലേയ്ക്കായി 494.12 ലക്ഷം രൂപ കേന്ദ്ര ധനസഹായമായി ലഭിച്ചിട്ടുണ്ട്. <br> 1955 ലെ പൗരാവകാശ സംരക്ഷണ നിയമവുമായി ബന്ധപ്പെട്ട് പട്ടികവർഗ്ഗ വികസന വകുപ്പിന് കേന്ദ്രത്തിൽ നിന്നും ധനസഹായം ലഭിച്ചിട്ടില്ല. |
| (സി) പ്രസ്തുത നിയമ നടത്തിപ്പുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം | (സി) പ്രസ്തുത നിയമ നടത്തിപ്പുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം |

സംഘടിപ്പിച്ച ക്യാമ്പുകളുടെയും, ശില്പശാലയുടെയും വിശദവിവരം **വെളിപ്പെടുത്തുമോ?**

സംസ്ഥാനത്തൊട്ടാകെ പട്ടികജാതി വികസന വകുപ്പിനു കീഴിൽ പത്തോളം ശിൽപശാലകൾ സംഘടിപ്പിച്ചിട്ടുണ്ട്. എന്നാൽ ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടില്ല.

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ ക്യാമ്പുകളും ശില്പശാലകളും സംഘടിപ്പിച്ചിട്ടില്ല.

**സെക്ഷൻ ഓഫീസർ**